(10) അൺപാർലമെന്ററിയായ എല്ലാപ്രയോഗങ്ങളും സഭാരേഖയിൽ നിന്നും നീക്കംചെയ്യുന്നത് സംബന്ധിച്ച്

2016 ജൂലൈ 13-ാം തീയതി അടിയന്തര പ്രമേയാവതരണ വേളയിൽ വാക്കൗട്ട് പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശത്തെത്തുടർന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമെന്നും ഉച്ചഭാഷണിയിലൂടെയല്ലാത്ത പരാമർശങ്ങളൊന്നും രേഖയിലുണ്ടാകാൻ പാടില്ലെന്നും അൺ പാർലമെന്ററിയായ എല്ലാ പ്രയോഗങ്ങളും സഭാരേഖയിൽ നിന്നും നീക്കംചെയ്യണമെന്നം പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

" 13-07-2016-ന് അടിയന്തര പ്രമേയാവതരണ വേളയിൽ വാക്കൗട്ട് പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശത്തെത്തുടർന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് ഉച്ചഭാഷണിയിലൂടെയല്ലാത്ത പരാമർശങ്ങളൊന്നും രേഖയിലുണ്ടാവില്ലെന്ന് ചെയർ അറിയിച്ചു. പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് ശ്രീ. വി. ഡി. സതീശൻ ചില പരാമർശങ്ങളും നടത്തുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധന നടത്തി, അൺ പാർലമെന്ററിയായ എല്ലാ പ്രയോഗങ്ങളും

* XIV KLA/I Session Vol.162 Report No. 11 dated 13-07-2016

സഭാരേഖയിൽ നിന്നും നീക്കംചെയ്തിട്ടുള്ളതായി അറിയിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗമധ്യേ സഭയിൽ പാലിക്കേണ്ട മിതത്വം സംബന്ധിച്ചും അംഗങ്ങളുടെ പൊതുവേയുള്ള പെരുമാറ്റത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും മുൻകാലങ്ങളിൽ ചെയർ റൂളിംഗ് നൽകിയിട്ടുണ്ട്. എന്നിരുന്നാലും പുതിയ അംഗങ്ങളുടെ അറിവിലേയ്ക്കായി, സഭാംഗങ്ങൾ പരസ്പരം ബഹുമാനത്തോടും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന തരത്തിലുമായിരിക്കണം സഭാ പ്രവർത്തനങ്ങളിൽ ഭാഗമാകേണ്ടത്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഇക്കാര്യം നിഷ്കർഷയോടെ പാലിക്കുമെന്ന് വിശ്വസിക്കുന്നു.”